**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3478** **12-03-2025 - ൽ മറുപടിയ്ക്ക്**

**കൃഷി വകുപ്പ് പദ്ധതികളുടെ മുൻഗണനാടിസ്ഥാനത്തിലുള്ള പുനക്രമീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സണ്ണി ജോസഫ്** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി അടങ്കലിന്റെ 50% വരെ വെട്ടിക്കുറയ്ക്കാനുള്ള സർക്കാർ തീരുമാനത്തെ തുടർന്ന് കൃഷി വകുപ്പിലെ പദ്ധതികൾ മുൻഗണനാടിസ്ഥാനത്തിൽ പുനക്രമീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; ആയത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (എ) | സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി അടങ്കലിന്റെ 50% വരെ പരിമിതപ്പെടുത്താനുള്ള സർക്കാർ തീരുമാന പ്രകാരം കൃഷി വകുപ്പിന്റെ പദ്ധതികൾ മുൻഗണനാടിസ്ഥാനത്തിൽ പുനക്രമീകരിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവുകളുടെ പകർപ്പ് **അനുബന്ധമായി** ചേർക്കുന്നു.<br><br>2024-25 സാമ്പത്തിക വർഷത്തിൽ സംസ്ഥാനാവിഷ്കൃത പദ്ധതികൾക്കായി 616.21 കോടി രൂപയാണ് കാർഷിക വികസന കർഷക ക്ഷേമ വകുപ്പിനായി വകയിരുത്തിയിരിക്കുന്നത്. ഇതിൽ നിന്നും '**ആർ.ഐ.ഡി.എഫ്** പദ്ധതിയിലൂടെ അടിസ്ഥാനസൗകര്യ വികസനം' എന്ന പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള 3.00 കോടി രൂപയും, '**കേരള കാർഷിക കാലാവസ്ഥാ പ്രതിരോധ മൂല്യ വർധിത ശൃംഖല നവീകരണ പദ്ധതി (കേര)**'യ്ക്ക് വകയിരുത്തിയിട്ടുള്ള 100.00 കോടി രൂപയും ഒഴിച്ചുള്ള തുകയായ 506.21 കോടി രൂപയുടെ പദ്ധതികളെ പുനക്രമീകരിക്കുകയും, ഇവയ്ക്കുള്ള തുക 287.16 കോടി രൂപയായി പുനർനിശ്ചയിക്കുകയും ചെയ്തു.<br><br>2024-25 സാമ്പത്തിക വർഷത്തിൽ സംസ്ഥാനാവിഷ്കൃത പദ്ധതികൾക്കായി 1521 ലക്ഷം രൂപയാണ് മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിനായി വകയിരുത്തിയത് (Outlay excluding 2000 lakh for RIDF and 400 lakh for NIDA). ഇതിൽ **Training Programme for Department Staff and Other Staff, Application of Information Technology, Laboratories, Creation of Data bank for Classification of Land** തുടങ്ങിയ പദ്ധതികളിലെ തുക സംരക്ഷിച്ചുകൊണ്ട് ആകെ 881.00 ലക്ഷം രൂപയായി പുനഃക്രമീകരിച്ചു. |

| | | | |
|---|---|---|---|
| | | | കൂടാതെ കാർഷിക സർവ്വകലാശാലയ്ക്കായി സംസ്ഥാനവിഷ്കൃത പദ്ധതികൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക 50 % ആയും പുനഃക്രമീകരിച്ചു. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

ധനകാര്യ വകുപ്പ് – 2024-25 ലെ സംസ്ഥാന പദ്ധതി – തുടർ പ്രോജക്ടുകൾ ഉൾപ്പെടെയുള്ളവയ്ക്ക് വർക്കിങ് ഗ്രൂപ്പ് അനുമതി നൽകുന്നതിന് മുമ്പ് പ്രോജക്ടിന്റെ അനിവാര്യത പരിശോധിക്കുന്നതിനും പദ്ധതി വിഹിതത്തിൽ ആവശ്യമായ ക്രമീകരണം വരുത്തുന്നതിനുമുള്ള കമ്മിറ്റികളുടെ രൂപീകരണം – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പ്ലാനിംഗ് – ബി) വകുപ്പ്**

**സ.ഉ.(അച്ചടി) നം. 57/2024/ധന.** **തിരുവനന്തപുരം, തീയതി 17.07.2024**

---

## ഉത്തരവ്

കേന്ദ്ര ധനകൈമാറ്റത്തിൽ വന്ന ഇടിവും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ ഉണ്ടായിട്ടുള്ള കുറവും സംസ്ഥാനത്ത് ധനഞെരുക്കം സൃഷ്ടിച്ചിട്ടുണ്ട്. എന്നാൽ വിവിധ ക്ഷേമ പദ്ധതികളിലെ കുടിശ്ശിക, മറ്റ് ആനുകൂല്യങ്ങൾ എന്നിവ സർക്കാരിന് സമയ ബന്ധിതമായി കൊടുത്ത് തീർക്കേണ്ടതായിട്ടുണ്ട്. പ്രസ്തുത സാഹചര്യം കണക്കിലെടുത്ത് നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ ആവശ്യമായ ക്രമീകരണം നടത്തേണ്ടതുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന നടപടികൾ ഉടൻ പ്രാബല്യത്തിൽ നടപ്പാക്കി ഉത്തരവാകുന്നു.

a) തുടർ പ്രോജക്ടുകൾ ഉൾപ്പെടെയുള്ളവയ്ക്ക് വർക്കിങ് ഗ്രൂപ്പ് അനുമതി നൽകുന്നതിന് മുമ്പ് പ്രോജക്ടിന്റെ അനിവാര്യത പരിശോധിച്ച് ശിപാർശ ചെയ്യുന്നതിനായി താഴെപ്പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ച് ഉത്തരവാകുന്നു.

i) ചീഫ് സെക്രട്ടറി
ii) ധനകാര്യ വകുപ്പ് സെക്രട്ടറി
iii) ആസൂത്രണ വകുപ്പ് സെക്രട്ടറി
iv) ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറി

b) 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ ആവശ്യമായ ക്രമീകരണം വരുത്താൻ താഴെപ്പറയുന്ന മന്ത്രിമാരെ ഉൾപ്പെടുത്തി ഒരു മന്ത്രിസഭാ ഉപസമിതി രൂപീകരിച്ച് ഉത്തരവാകുന്നു.

i) ധനകാര്യ വകുപ്പുമന്ത്രി
ii) റവന്യൂ വകുപ്പുമന്ത്രി
iii) വ്യവസായ – നിയമ വകുപ്പുമന്ത്രി
iv) ജലവിഭവ വകുപ്പുമന്ത്രി
v) ഊർജ്ജ വകുപ്പുമന്ത്രി
vi) വനം വകുപ്പുമന്ത്രി
vii) തദ്ദേശ സ്വയംഭരണ – എക്സൈസ് വകുപ്പുമന്ത്രി

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**രബീന്ദ്ര കുമാർ അഗർവാൾ**
**പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് - II ) കേരള, തിരുവനന്തപുരം
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
ചീഫ് സെക്രട്ടറിയുടെ ഒ.എസ്.ഡി യ്ക്ക്
എല്ലാ വകുപ്പ് സെക്രട്ടറിമാർക്ക്
എല്ലാ വകുപ്പ് മേധാവികൾക്ക്
പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
നോഡൽ ഓഫീസർ www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (ഫയൽ നം. 2855110/പ്ലാനിംഗ്-ബി2/49/2024-ധന.)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ
<u>സംഗ്രഹം</u>

2024-25 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതങ്ങളുടെ ക്രമീകരണം-വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ-സംബന്ധിച്ച്.

===========================================================================

**ധനകാര്യ (പ്ലാനിംഗ്-ബി) വകുപ്പ്**

**സ.ഉ.(അച്ചടി)നം.76/2024/ധന** **തീയതി, തിരുവനന്തപുരം 31/08/2024**

===========================================================================

പരാമർശം :- 17/07/2024 തീയതി സ.ഉ.(അച്ചടി)നം. 57/2024/ധന നമ്പർ ഉത്തരവ്.

**<u>ഉത്തരവ്</u>**

തുടർ പ്രോജക്ടുകൾ ഉൾപ്പെടെയുള്ളവയ്ക്ക് വർക്കിംഗ് ഗ്രൂപ്പ് അനുമതി നൽകുന്നതിനു മുമ്പ് പ്രോജക്ടിന്റെ അനിവാര്യത പരിശോധിച്ച് ശിപാർശ ചെയ്യുന്നതിനായി ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ് സെക്രട്ടറി, ആസൂത്രണ വകുപ്പ് സെക്രട്ടറി, ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറി എന്നിവരെ അംഗങ്ങളായി ഉൾപ്പെടുത്തിക്കൊണ്ട് ഒരു കമ്മിറ്റിയും 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ ആവശ്യമായ ക്രമീകരണം വരുത്തുന്നതിനായി ബഹു. ധനകാര്യ വകുപ്പ് മന്ത്രി, ബഹു. വ്യവസായ-നിയമ വകുപ്പ് മന്ത്രി, ബഹു. ജല വിഭവ വകുപ്പ് മന്ത്രി, ബഹു. ഊർജ്ജ വകുപ്പ് മന്ത്രി, ബഹു. വനം-വന്യജീവി വകുപ്പ് മന്ത്രി, ബഹു. തദ്ദേശ സ്വയംഭരണ - എക്സൈസ് വകുപ്പ് മന്ത്രി എന്നിവരെ അംഗങ്ങളായി ഉൾപ്പെടുത്തി ഒരു മന്ത്രിസഭാ ഉപസമിതിയും രൂപീകരിച്ച് പരാമർശ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഭരണവകുപ്പുകൾ 2024-25 ലെ പദ്ധതികൾക്ക് ഇതിനോടകം തന്നെ പൂർണമായോ ഭാഗികമായോ ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്.

**2.** മേൽ സാഹചര്യം കണക്കിലെടുത്ത് പരാമർശ ഉത്തരവ് പ്രകാരമുള്ള പദ്ധതി ക്രമീകരണം നടപ്പിലാക്കുന്നതിന് താഴെപ്പറയുന്ന മാർഗ്ഗനിർദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

i. 2024-25 സാമ്പത്തിക വർഷം 10 കോടി രൂപയ്ക്ക് മേൽ അടങ്കലുള്ള തുടർ പ്രോജക്ടുകൾ/പദ്ധതികൾ ഉൾപ്പെടെ ഭരണാനുമതി നൽകിയ പദ്ധതികളുടെ അനിവാര്യത സംബന്ധിച്ച് ചീഫ് സെക്രട്ടറി, ധനകാര്യ, ആസൂത്രണ വകുപ്പ് സെക്രട്ടറിമാർ, ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറി എന്നിവരുടെ സമിതി പരിശോധിച്ച് പദ്ധതി മാറ്റിവയ്ക്കുകയോ അനിവാര്യത കണക്കിലെടുത്ത് വകുപ്പിനു ഭരണാനുമതി നൽകിയ ആകെ തുകയുടെ 50% ആയി നിജപ്പെടുത്തുകയോ ചെയ്യേണ്ടതാണ്.

ii. 10 കോടി രൂപയ്ക്ക് താഴെയുള്ള തുടർ പ്രോജക്ടുകൾ/പദ്ധതികൾ ഉൾപ്പെടെ ഭരണാനുമതി നൽകിയ പദ്ധതികളുടെ അനിവാര്യത സംബന്ധിച്ച് വകുപ്പ് സെക്രട്ടറി, വകുപ്പ് അധ്യക്ഷനുമായി കൂടിയാലോചിച്ച് വകുപ്പിന് ഭരണാനുമതി നൽകിയ മൊത്തം തുകയുടെ 50% ആയി നിജപ്പെടുത്തി പട്ടിക ചീഫ് സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്.

iii. 17.07.2024 ലെ സ.ഉ.(അച്ചടി)നം.57/2024/ധന ഖണ്ഡിക 2(a) യിൽ സെക്രട്ടറിമാർ ചീഫ് സെക്രട്ടറിക്ക് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനോടൊപ്പം ആയത് ആസൂത്രണ ബോർഡ് മെമ്പർമാരെ അറിയിക്കേണ്ടതുമാണ്. മെമ്പർമാർ അവരുടെ അഭിപ്രായങ്ങൾ വൈസ് ചെയർപേഴ്സൺ വഴി മന്ത്രിസഭാ ഉപസമിതിയുടെ ശ്രദ്ധയിലോ ചീഫ് സെക്രട്ടറി / വകുപ്പ് സെക്രട്ടറിയെ നേരിട്ടും അറിയിക്കാവുന്നതാണ്. ചീഫ് സെക്രട്ടറി ഇക്കാര്യം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനാവശ്യമായ മേൽനോട്ടം വഹിക്കേണ്ടതുമാണ്.

iv. സെക്രട്ടറി തല കമ്മിറ്റികളുടെ യോഗങ്ങൾ വിളിച്ച് ചേർക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും തുടർനടപടി സ്വീകരിക്കുന്നതിനും ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരെ ചുമതലപ്പെടുത്തുന്നു.

v. 2024-25 സാമ്പത്തിക വർഷം സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ്/വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയ്ക്കായി ഇനി സമർപ്പിക്കേണ്ട പദ്ധതികൾ സെക്രട്ടറി തല കമ്മിറ്റിയുടെ ശിപാർശയോടുകൂടി പരിഗണിയ്ക്കാവുന്നതാണ്.

**3.** ചട്ടം 300 പ്രകാരം ബഹു. മുഖ്യമന്ത്രി നിയമസഭയിൽ നടത്തിയ പ്രസ്താവനയിൽ പ്രതിപാദിക്കുന്ന കാര്യങ്ങൾക്ക് മേൽ മാർഗ്ഗനിർദ്ദേശങ്ങൾ ബാധകമല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ. എ. ജയതിലക് ഐ.എ.എസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ & ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്-II) കേരള, തിരുവനന്തപുരം
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
ചീഫ് സെക്രട്ടറിയുടെ ഒ.എസ്.ഡി യ്ക്ക്
എല്ലാ വകുപ്പ് സെക്രട്ടറിമാർക്ക്
എല്ലാ വകുപ്പ് മേധാവികൾക്ക്
പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
നോഡൽ ഓഫീസർ www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (ഫയൽ നം.പ്ലാനിംഗ്-ബി2/49/2024-ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ